**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 353** **23-07-2021 - ൽ മറുപടിയ്ക്ക്**

**വിദേശ സർവ്വകലാശാലകളിൽ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടിക വർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ പഠനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൽ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ? | (എ) | ഉണ്ട്. കേരളത്തിനകത്ത് സ്ഥിരതാമസക്കാരായവരും, ബിരുദ പഠനത്തിന് 50% മാർക്കിനു മുകളിലുള്ളവരും, 35 വയസ്സിന് താഴെയുള്ളവരും, IELTS/GRE/TOEFL എന്നീ ടെസ്റ്റുകളിൽ നിശ്ചിത ഗ്രേഡ് ഉള്ളവരും, പഠനം നടത്താൻ ഉദ്ദേശിക്കുന്ന വിദേശ സ്ഥാപനത്തിൽ നിന്നും ഓഫർ ലെറ്റർ ലഭിച്ചവരും ആയിട്ടുള്ള പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാല കളിൽ ചേർന്ന് പഠനം നടത്തുന്നതിനുള്ള അപേക്ഷ നൽകാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു കോഴ്സിനു ചേർന്ന് പഠനം നടത്തുന്നതിന് മാത്രം വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതാണ്. ഇതിന് വരുമാന പരിധി ബാധകമല്ല. വിദേശത്ത് പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്ക് തുല്യമായ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ, എം.ഫിൽ, എം.ഫിലിന് തുല്യമായവ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാംസ് തുടങ്ങിയ കോഴ്സുകൾക്ക് പഠനം നടത്തുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ